# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.942

8/1/2014 ൽ മറുപടിക്ക്

## കായംകുളം മണ്ഡലത്തിലെ വരൾച്ച ദുരിതാശ്വാസ പദ്ധതികൾ

ചോദ്യം
**ശ്രീ.സി.കെ.സദാശിവൻ**

മറുപടി
ശ്രീ.പി.ജെ.ജോസഫ് (ജലവിഭവവകുപ്പ് മന്ത്രി)

**(എ) കായംകുളം അസംബ്ലി നിയോജകമണ്ഡലത്തിൽ 2013 ലെ വരൾച്ച ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി എന്ത് തുകയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത് ?**

കായംകുളം അസംബ്ലി നിയോജകമണ്ഡലത്തിൽ 2013 ലെ വരൾച്ച ദുരിതാശ്വാസ പദ്ധതികൾക്കായി ഭൂജല വകുപ്പിന് 25,05,265/- രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്. കൂടാതെ

കായംകുളം നിയോജകമണ്ഡലത്തിൽ 2013 ലെ വരൾച്ച ദുരിതാശ്വാസ പദ്ധതികൾക്കായി ജില്ലാകളക്ടറുടെ ഭരണാനുമതിയുള്ള 17,10,000/- രൂപയുടെയും കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറുടെ ഭരണാനുമതിയുള്ള 41.57 ലക്ഷം രൂപയുടെയും പ്രവൃത്തികൾ നിലവിലുണ്ട്.

**(ബി) പ്രസ്തുത പ്രവൃത്തികളിൽ ഓരോ പ്രവൃത്തിയും എത്ര തുകയുടേതെന്നും ഇതിൽ ടെണ്ടർ ചെയ്തവ, നിർമ്മാണം പൂർത്തീകരിച്ചവ ഏതൊക്കെയെന്നും വിശദമാക്കാമോ ?**

- പുതിയവിള കോളനി കണ്ടല്ലൂർ പഞ്ചായത്തിൽ ചെറുകിട ജലവിതരണ പദ്ധതി സ്ഥാപിക്കൽ ചെലവഴിച്ച തുക - 12,57,789/- രൂപ - പദ്ധതി പൂർത്തീകരിച്ചു
- പുലിത്തിട്ട കോളനി കണ്ടല്ലൂർ പഞ്ചായത്തിൽ ചെറുകിട ജലവിതരണ പദ്ധതി സ്ഥാപിക്കൽ ചെലവഴിച്ച തുക - 12,47,476 രൂപ - പദ്ധതി പൂർത്തീകരിച്ചു

ജില്ലാകളക്ടറുടെ ഭരണാനുമതിയുള്ള ഓരോ പ്രവൃത്തിയുടെയും വിശദാംശങ്ങൾ അനുബന്ധം (എ) ആയി ചേർത്തിരിക്കുന്നു.

കേരള ജലഅതോറിറ്റി മാനേജിംഗ് ഡയറക്ടറുടെ ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ [illegible] ചേർത്തിരിക്കുന്നു.

(സി) ഇനിയും ടെണ്ടർ ചെയ്യാത്തതും, ടെണ്ടർ ചെയ്തിട്ടും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാത്തതുമായ പ്രവൃത്തികൾ ഉണ്ടോ; എങ്കിൽ അവ ഏതൊക്കെയെന്നും കാലതാമസം നേരിടാനുള്ള കാരണം എന്തെന്നും വ്യക്തമാക്കുമോ ?

വിശദാംശങ്ങൾ അനുബന്ധം (എ) യിൽ ക്രമനം. 3 ഉം 6 ഉം ആയി ചേർത്തിരിക്കുന്നു. അനുബന്ധം (ബി) യിൽ ക്രമ നം. 1 ഉം 2 ഉം പ്രവൃത്തികൾ ടെണ്ടർ ചെയ്ത്, പണി പുരോഗതിയിലാണ്.

സെക്ഷൻ ഓഫീസർ

## അനുബന്ധം എ

### ജില്ലാകളക്ടറുടെ ഭരണാനുമതിയുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ

| ക്രമ നം. | പ്രവൃത്തിയുടെ പേര് | ഭരണാനുമതി തുക | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|
| 1 | പള്ളിയിൽ, പൂവനാർ കോളനികളിലേക്ക് 200 മീ. നീളത്തിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കുകയും, ടാപ്പ് സ്ഥാപിക്കുകയും ചെയ്യുക | 80,000/- രൂപ | ടെണ്ടർ വിളിച്ച് പണി പൂർത്തീകരിച്ചു |
| 2 | 50 വാർഡുകളിലെ കേടുവന്നതും ചോർച്ചയുള്ളതുമായ പൊതുടാപ്പുകളുടെ അറ്റകുറ്റപണി നടത്തുക | 1,50,000/- രൂപ | ടെണ്ടർ വിളിച്ച് പണി പൂർത്തീകരിച്ചു |
| 3 | കൃപ ആശുപത്രി മുതൽ ബോട്ട്ജെട്ടി വരെ 1200 മീറ്റർ ദൈർഘ്യമുള്ള കേട് വന്നതും പൊട്ടിപോയതുമായ പി.വി.സി പൈപ്പ് മാറ്റി സ്ഥാപിക്കൽ | 4,80,000 /- രൂപ | റോഡ് കോൺക്രീറ്റ് നടക്കുന്നതിനാൽ പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിച്ചിരിക്കുന്നു. |
| 4 | 100 വാർഡുകളിലെ കേടുവന്നതും ചോർച്ചയുള്ളതുമായ പൊതുടാപ്പുകളിലെ അറ്റകുറ്റപണി നടത്തുക | 3,00,000/- രൂപ | ടെണ്ടർ വിളിച്ച് പണി പൂർത്തീകരിച്ചു |
| 5 | തീരപ്രദേശത്ത് 2 കി.മീ ദൈർഘ്യമുള്ളതും കേട് വന്നതുമായ 100 mm വ്യാസമുള്ള പഴയ എ.സി പൈപ്പുകൾ മാറ്റി 110 mm പി.വി.സി പൈപ്പുകൾ (6 kg/cm2) മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി | 5,00,000/- രൂപ | ടെണ്ടർ വിളിച്ച്, പണി പൂർത്തീകരിച്ചു. |
| 6 | ലക്ഷ്മി തിയറ്റർ മുതൽ (പെട്രോൾ പമ്പിന്റെ കിഴക്ക് ഭാഗം) വടക്ക് വരെയുള്ള പൈപ്പ് ലൈനിന്റെ കേട്പാട് തീർക്കൽ | 2,00,000/- രൂപ | ടെണ്ടർ വിളിച്ചിട്ടില്ല |
| | മൊത്തം | 17.10 ലക്ഷം രൂപ | |

## അനുബന്ധം ബി

### കേരള ജല അതോറിറ്റി മാനേജിംഗ് ഡയറക്ടറുടെ ഭരണാനുമതിയുള്ള കായംകുളം നിയോജകമണ്ഡലത്തിലെ പ്രവൃത്തികൾ

| ക്രമ നം. | പ്രവൃത്തിയുടെ പേര് | ഭരണാനുമതി തുക |
|---|---|---|
| 1 | ഭരണിക്കാവ് പഞ്ചായത്തിലെ കുഴൽകിണർ നിർമ്മാണം, പമ്പ്സെറ്റ് സ്ഥാപിക്കൽ, പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ എന്നീ പ്രവൃത്തികളുടെ പൂർത്തീകരണവും കമ്മീഷനിംഗും | 15.00 ലക്ഷം രൂപ |
| 2 | ചെട്ടികുളങ്ങര പഞ്ചായത്തിലെ കുഴൽകിണർ നിർമ്മാണം, പമ്പ്സെറ്റ് സ്ഥാപിക്കൽ, പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ എന്നീ പ്രവൃത്തികളുടെ പൂർത്തീകരണവും കമ്മീഷനിംഗും | 15.00 ലക്ഷം രൂപ |
| 3 | മുതുകുളം പഞ്ചായത്തിലെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽകുഴൽ കിണറ് കുഴിച്ച് കമ്മീഷൻ ചെയ്യുന്ന പ്രവൃത്തി | 9.00 ലക്ഷം രൂപ |
| 4 | ദേവികുളങ്ങര പഞ്ചായത്തിൽ 15 എച്ച്.പി ശേഷിയുള്ള പമ്പ്സെറ്റ് വിതരണം ചെയ്യുന്ന പ്രവൃത്തി | 2.25 ലക്ഷം രൂപ |
| 5 | കൃഷ്ണപുരം പഞ്ചായത്തിൽ 4 mm വ്യാസമുള്ളതും, 300 മീറ്റർ നീളമുള്ളതുമായ 2 സബ്മെർസിബിൾ കേബിൾ വിതരണം ചെയ്യുക. | 42,000/- രൂപ |
| | മൊത്തം | 41.67 ലക്ഷം രൂപ |

മേൽ പറഞ്ഞ പ്രവൃത്തികളിൽ എല്ലാ പ്രവൃത്തികളും ടെണ്ടർ ചെയ്തവയാണ്. അവയിൽ 1 ഉം 2 ഉം പ്രവൃത്തികൾ ഒഴിച്ച് ബാക്കി 3,4,5 പ്രവൃത്തികൾ നിർമ്മാണം പൂർത്തിയാക്കിയവയാണ്. 1 ഉം 2 ഉം പ്രവൃത്തികൾ ടെണ്ടർ ചെയ്ത് പണി പുരോഗമിച്ചുകൊണ്ടിരിക്കുന്നു.